# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/189/2018 2018 സെപ്റ്റംബർ 06

## പത്രക്കുറിപ്പ്

**എം.ജി. ഡിഗ്രി ഏകജാലകം: ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; അർഹത നേടിയവർ സെപ്റ്റംബർ 10ന് വൈകിട്ട് 4.30ന് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള (2018) ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി സർവ്വകലാശാലാ അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഈ മാസം 10ന് വൈകീട്ട് 4.30ന് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. വൈകീട്ട് 4.30ന് മുമ്പായി ഫീസ് ഒടുക്കാത്തവരുടേയും ഫീസൊടുക്കിയശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. ഫൈനൽ അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാവരും തന്നെ സ്ഥിര പ്രവേശം നേടേണ്ടതാണ്. ഫൈനൽ അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുള്ള സൗകര്യം ലഭ്യമല്ലാത്തതിനാൽ സ്ഥിരപ്രവേശം എടുക്കാത്തവരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

കോളേജ് പ്രിൻസിപ്പൽമാർ യു.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന നടപടികൾ സെപ്റ്റംബർ 17ന് വൈകീട്ട് 4.30ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്. 17ന് ശേഷം യാതൊരുകാരണവശാലും പ്രവേശനം അനുവദിക്കുന്നതല്ല. ഓൺലൈൻ അഡ്മിഷൻ പോർട്ടൽ സെപ്റ്റംബർ 17ന് വൈകീട്ട് 5 മണിക്ക് തന്നെ ക്ലോസ് ചെയ്യുന്നതാണ്.

**പുതുക്കിയ പരീക്ഷാ തീയതി**

2018 സെപ്റ്റംബർ 18 മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന നാലാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ) റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 5 മുതൽ ആരംഭിക്കുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 സെപ്റ്റംബർ 18 മുതൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (2017 അഡ്മിഷൻ റഗുലർ & 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 3 മുതൽ ആരംഭിക്കുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2018 ആഗസ്റ്റ് 31 ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ എം.എൽ.ഐ.എസ്.സി. - 2016 അഡ്മിഷൻ സപ്ലിമെന്ററി (ഡിപ്പാർട്ട്മെന്റ് മാത്രം) & 2017 അഡ്മിഷൻ റഗുലർ & 2009 - 2016 അഡ്മിഷൻ സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകളും ഡിപ്പാർട്ട്മെന്റും) പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

2018 ആഗസ്റ്റ് 31ന് നടത്തുവാൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2016 അഡ്മിഷൻ സപ്ലിമെന്ററി - ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ ബി.പി.ഇ. (2013-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 26. 28 തീയതികളിൽ നടക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് പഴയ സ്കീം (2010 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബർ 25 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർഫൈനോടെ 13 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

2018 ജൂൺ മാസത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പുനഃക്രമീകരിച്ച പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 17 മുതൽ 19 വരെ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**സീറ്റൊഴിവ്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ (2018-20) എം.എഡ്. ഡിഗ്രി പ്രോഗ്രാമിലേക്ക് ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഏതാനും സീറ്റുകൾ ഒഴിവുണ്ട്. മേൽപ്പറഞ്ഞ ഒഴിവുകളിലേക്ക് പ്രവേശനത്തിനായി CAT MGU പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ, അതായത് ബി.എഡ്. പ്രോഗ്രാമിന് 50% മാർക്കോട്ടുകൂടി വിജയിച്ച കുട്ടികൾ സെപ്റ്റംബർ 12ന് രാവിലെ 11 മണിക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പ്രമാണങ്ങളുമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹാജരാകേണ്ടതാണ്. പ്രോഗ്രാം ഫീസ് 5066 ആണ്. സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രോഗ്രാം ഫീസായി 800 രൂപ അടച്ചാൽ മതിയാകും. ഫോൺ: 0481 - 2731042.

**ബി.കോം സൂക്ഷ്മപരിശോധന**

2018 മാർച്ച് മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.കോം പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികൾ സെപ്റ്റംബർ 10ന് രാവിലെ 10.30 മുതൽ 4.30 വരെ സർവ്വകലാശാലയിലെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 223-ാം നമ്പർ മുറിയിൽ ഹാൾടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി ഹാജരാകണം.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ഇൻഫർമേഷൻ ടെക്നോളജി (പി.ജി. - സി.എസ്.എസ്.) റഗുലർ, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം.

2018 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (സി.എസ്.എസ്. റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 20 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**